പ്രേതങ്ങളുടെ താഴ്വര

ഡോ. ബാബു പി. രമേഷ്

പ്രേതങ്ങളുടെ താഴ്വര
ഡോ. ബാബു പി. രമേഷ്
(മലയാളം: അനുഭവക്കുറിപ്പ്/ യാത്രാ വിവരണം)

© 2020, Dr. Babu P. Ramesh

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Ghosts on a Tree, a painting by Franz Sedlacek (1891–1945). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ചൈ

ചൈനയിലെ ഗോളം

ചൈനയിലെ ഗോളം ഒരു ചൈനീസ് ഗ്രാമത്തിലെ ഒരു ചെറുപ്പക്കാരനായ കർഷകനെക്കുറിച്ചുള്ള ഒരു ചെറുകഥയാണ്. ഗ്രാമത്തിലെ ഏക വിദ്യാഭ്യാസമുള്ള വ്യക്തിയായ ചെറുപ്പക്കാരൻ ഗ്രാമത്തിലെ ഏക ഗോളം കണ്ടെത്തുന്നു. ഗ്രാമത്തിലെ ഏക ഗോളം

പ്രേതങ്ങളുടെ താഴ്വര: പിൻകുറിപ്പ്

ശീർഷകത്തിന് കടപ്പാട്:
1973-ൽ ഇറങ്ങിയ ഇതേ പേരിലുള്ള മലയാള ചലച്ചിത്രം. ഞാൻ കണ്ട ആദ്യത്തെ പ്രേത ചിത്രം കൂടിയാണിത്.

നേരും പതിരും:
'പ്രേതങ്ങളുടെ താഴ്വര'യിൽ പറഞ്ഞ പ്രധാന കാര്യങ്ങളെല്ലാം സത്യമാണ്.

ഭാൻഗഢിൽ ഞങ്ങൾ പോയത്; സുനിൽ സാറിന്റെ വീട്ടിലെ ഫോൺ കുറച്ചു കാലം രാത്രിയിൽ നിർത്താതെ അടിച്ചത്; യാത്രാ ദിവസം രാവിലെ മഴ പെയ്തത്; യാത്രയ്ക്കിടയിൽ ഒന്ന്, രണ്ട് ഒരേ വേഷധാരികളായ സ്ത്രീ രൂപങ്ങൾ പാടത്ത് പണിയെടുക്കുന്നത് കണ്ടത്; അന്ന് രാത്രി റിയ വന്നത്; ശക്തമായ കാറ്റിൽ ബാൽക്കണി ഫ്രെയിം വീഴാൻ പോയത്; റിയയുടെ അങ്കിൾ യു. എസിൽ നിന്ന് വന്നത്; ഫയർഫോഴ്സിനെ വിളിച്ചത് എന്നിവയൊക്ക നൂറു ശതമാനം സത്യം.

ബാക്കിയൊക്കെ കഥ കൊഴുപ്പിയ്ക്കാൻ ചേർത്ത മസാലകൾ! ചെറിയ ഒരു യാത്രയെപ്പറ്റി വിശദമായി പറയും വരെ വായനക്കാരെ പിടിച്ചിരുത്താൻ വേണ്ടി ഉപയോഗിച്ച ചേരുവകൾ!

ചുരുക്കിപ്പറഞ്ഞാൽ 'സത്യത്തെ ചന്തമുള്ള നുണയാക്കി എഴുതണം' എന്ന കുഞ്ഞുണ്ണിമാഷ്ടെ ഉപദേശം ശരിക്കും പാലിക്കാനാണ് ശ്രമിച്ചത്.

അനുഭാവന:
അനുഭവക്കുറിപ്പ്, യാത്രാ വിവരണം എന്നൊക്കെ വിളിയ്ക്കാമെങ്കിലും ഇത് സത്യത്തിൽ ഒരു അനുഭാവനയാണ്.

അനുഭവം + ഭാവന = അനുഭാവന

ഒളിപ്പിച്ചു വെച്ച ഹാസ്യം:
പ്ലാനിങ്ങിന്റെ നാളുകൾ മുതൽ ഇന്നുവരെ ഞങ്ങളെ ഏറെ ചിരിപ്പിച്ച യാത്രയായിരുന്നു ഇത്. അതുകൊണ്ടു തന്നെ ഭയത്തിന്റെ കഥകൾവിവരിക്കുമ്പോൾ ബോധപൂർവ്വം ഹാസ്യം മറച്ചുവെയ്ക്കുകയായിരുന്നു.

പ്രേതമുണ്ടോ?

ഭൂത പ്രേതങ്ങളിൽ വിശ്വാസമില്ലാത്ത, എന്നാൽ... പ്രേതകാര്യങ്ങൾ കേട്ടാൽ ചെറിയ ഒരു പേടി (അഥവാ ഭയം!) തോന്നുന്നവരുടെ കൂട്ടത്തിലാണ് ഞാൻ.

ഇത്തരം ഒരു മനസ്ഥിതിയുടെ കാരണം, വളർന്നുവന്ന സാഹചര്യങ്ങളായിരിക്കാം.

ചെറുപ്പത്തിൽ കേട്ടതും വായിച്ചതുമായ പ്രേതകഥകൾ, കണ്ട പ്രേതസിനിമകൾ ഒക്കെ മനസ്സിനെ ഒരുപാട് സ്വാധീനിച്ചിട്ടുണ്ട്.

കോട്ടയം പുഷ്പനാഥും, ബ്രാം സ്റ്റോക്കറും, നീലകണ്ഠൻ പരമാരയും, ജോൺ ആല്ബുകലും, പി. വി. തമ്പിയും, മോഹനചന്ദ്രനുമൊക്കെ ചേർന്ന് ഉഴുതുമറിച്ചിട്ട മനസ്സിൽ ഭൂത പ്രേതങ്ങളുടെ കഥകൾ പെട്ടെന്ന് വേരു പിടിക്കും.

പ്രേതങ്ങളുടെ താഴ്വര, ലിസ, കലിക, ശ്രീകൃഷ്ണപ്പരുന്ത് എന്നീ സിനിമകൾ മനസ്സിൽ ഇന്നും തങ്ങി നിൽക്കുന്നവയാണ്.

അങ്ങനെ പ്രേതകഥകളാൽ സമൃദ്ധമായ കുട്ടിക്കാലത്തേക്കുള്ള ഗൃഹാതുരത്തോടെയുള്ള തിരിച്ചുപോക്കു കൂടിയാണ് ഈ കുറിപ്പുകളിലൂടെ ചെയ്തത്.

ഇന്റർനെറ്റിലെ തെറ്റായ അറിവുകൾ:
ഭാൻഗഢിനെപ്പറ്റി പല തെറ്റിദ്ധാരണകളും നുണക്കഥകളും പ്രചരിപ്പിക്കുന്നതിൽ ഇന്റർനെറ്റ് വഹിച്ച പങ്ക് വളരെയാണ്.

ശരിയായ വിവരങ്ങൾ ഉണ്ട്. പക്ഷേ, അവ അരിച്ചെടുക്കേണ്ടത് വായനക്കാരന്റെ മാത്രം ഉത്തരവാദിത്തമായിരിക്കുന്നു.

പുരാവസ്തു വകുപ്പിന്റെ ലിസ്റ്റിലുള്ള സ്ഥലങ്ങൾക്കെങ്കിലും ആധികാരികമായ വെബ്പേജുകൾ നൽകേണ്ടത് അത്യാവശ്യമാണ്.

ഇന്റർനെറ്റ് വഴിതെറ്റിക്കുന്നതിന്റെ ഒരു ഉദാഹരണം പറയാം.

ഇന്ത്യയിലെ ആദ്യ പത്ത് ഭീകരസ്ഥലങ്ങളിൽ പലപ്പോഴും ഡെൽഹിയിലെ സഞ്ജയ് വനം ഉൾപ്പെടുത്തിക്കാണാം. വെബ്സൈറ്റുകളിൽ.

ഞങ്ങൾ താമസിക്കുന്നതിന്റെ വളരെയടുത്താണ് ഈ സ്ഥലം. പല തവണ പോയിട്ടുമുണ്ട്.

അതിനാൽ അവിശ്വാസത്തോടെ അതേ സൈറ്റിൽ വായന തുടർന്നപ്പോൾ, പല സ്ഥലങ്ങൾക്കുമൊപ്പം വെച്ചിട്ടുള്ള ഫോട്ടോകൾ ഫോട്ടോഷോപ്പ് ചെയ്തവയും, ഇംഗ്ലീഷ് സിനിമകളിൽ നിന്നുള്ള ദൃശ്യങ്ങളുമായിരുന്നുവെന്ന് കാണാൻ കഴിഞ്ഞു.

ഉത്തരവാദിത്തപ്പെട്ട യാത്രക്കാരെന്ന നിലയിൽ പ്രേതഭൂമികൾ എന്ന് മുദ്രകുത്തപ്പെട്ട മനോഹര സ്ഥലങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തേണ്ടത് നമ്മളോരോരുത്തരും ചെയ്യേണ്ട കാര്യമാണ്. ആ ഒരു ഉദ്ദേശമാണ് ഈ ഒരു വി'കൃതി' എഴുതാൻ പ്രേരിപ്പിച്ചത്.

ബാബു പി. രമേഷ്

അംബേദ്കർ യൂണിവേഴ്സിറ്റി, ഡെൽഹിയിൽ സ്കൂൾ ഓഫ് ഡെവലപ്പ്മെന്റ് സ്റ്റഡീസിൽ പ്രൊഫസറും ഡീനുമാണ് ബാബു പി. രമേഷ്.

പൊന്നാനി 'ഗൗരി നിവാസിൽ', പരേതനായ പി. പി. അച്ചുതൻ നായരുടേയും, പി. ഗൗരി ടീച്ചറുടെയും മകൻ.

1987 ൽ പ്രൈമറി സ്കൂൾ അധ്യാപകനായി ഔദ്യോഗിക ജീവിതം തുടങ്ങി.

സ്കൂൾ അധ്യാപന കാലത്ത് കറസ്പോണ്ടൻസായി ബി. ഏ. പാസായശേഷം, കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഒന്നാം റാങ്കോടെ ബിരുദാനന്തര ബിരുദവും (വികസന ധനശാസ്ത്രം), ജെ. എൻ. യുവിൽ നിന്ന് (സി. ഡി. എസ്) എം. ഫിൽ, പി. എച്ച്. ഡി. ബിരുദങ്ങളും (ധനശാസ്ത്രം) നേടി.

രണ്ട് പതിറ്റാണ്ടുകളിലധികമായി തൊഴിൽ / വികസന പഠന മേഖലകളിൽ ഗവേഷകനായും അധ്യാപകനായും പ്രവർത്തിക്കുന്നു. ഈ വിഷയങ്ങളിൽ പുസ്തകങ്ങളും പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സിനിമ കാണൽ, വായന, യാത്ര എന്നിവയാണ് പ്രധാന ഹോബികൾ.

ഇന്ത്യക്കകത്തും പല വിദേശ രാജ്യങ്ങളിലുമായി ധാരാളം യാത്ര ചെയ്തിട്ടുണ്ട്.

ഡോ. നീതയാണ് ഭാര്യ. ഋഷി നാരായണനും (അപ്പുണ്ണി), ആരോൺ സൂര്യ (കണ്ണുണ്ണി)യുമാണ് മക്കൾ.

ചിത്രങ്ങൾ: വി. മോഹനൻ

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014